15 -ാം കേരള നിയമസഭ

2 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2232 | 30-07-2021 - ൽ മറുപടിയ്ക്ക്

# അരൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പ് മുഖേന അരൂർ മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ ഉൾപ്പെട്ട ഗ്രാമ പഞ്ചായത്തുകളിലെ 24,525 വീടുകൾക്ക് ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിലേക്കായി 2899.40ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 10572 കുടിവെള്ള കണക്ഷനുകൾ ജലജീവൻ പദ്ധതിയിൽ നൽകിയിട്ടുണ്ട്. അരൂക്കുറ്റി, പള്ളിപ്പുറം, പെരുമ്പളം, പാണാവള്ളി എന്നീ പഞ്ചായത്തുകൾക്കായുള്ള ടാങ്കിന്റെ പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് 2021-22-ലെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയും, എഴുപുന്ന, കുത്തിയതോട്, അരൂർ, തുറവൂർ, പട്ടണക്കാട് എന്നിവിടങ്ങളിൽ 11.95 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കുന്ന പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ നിക്ഷേപ പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികളുടെ പട്ടിക ലഭ്യമാക്കുമോ; | (ബി) | അരൂക്കുറ്റി, പള്ളിപ്പുറം, പെരുമ്പളം, പാണാവള്ളി എന്നീ പഞ്ചായത്തുകൾക്കായുള്ള ടാങ്കിന്റെ പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് 2021-22-ലെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയിട്ടുണ്ടെങ്കിലും സാങ്കേതികാനുമതി നൽകിയിട്ടില്ല. ഇക്കാരണത്താൽ ഈ പ്രവൃത്തി ആരംഭിച്ചിട്ടില്ല. സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | ആരംഭിക്കാത്ത പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | അരൂക്കുറ്റി, പള്ളിപ്പുറം, പെരുമ്പടം, പാണാവള്ളി എന്നീ പഞ്ചായത്തുകൾക്കായുള്ള ടാങ്കിന്റെ പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് 2021-22-ലെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയിട്ടുണ്ടെങ്കിലും സാങ്കേതികാനുമതി നൽകിയിട്ടില്ല. ഇക്കാരണത്താൽ ഈ പ്രവൃത്തി |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടില്ല. സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 2232**

അരൂർ നിയോജക മണ്ഡലത്തിൽ KWA മുഖാന്തിരം നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ

| പഞ്ചായത്ത് | നൽകുവാൻ ലക്ഷ്യമിട്ടിട്ടുള്ള കുടിവെള്ള കണക്ഷനുകൾ | ഭരണാനുമതി തുക ലക്ഷത്തിൽ | നൽകിയ കുടിവെള്ള കണക്ഷനുകൾ |
|---|---|---|---|
| അരൂർ | 330 | 44.8 | 335 |
| എഴുപുന്ന | 1741 | 232.40 | 618 |
| കോടംതുരുത്ത് | 1449 | 186.50 | 668 |
| കുത്തിയതോട് | 1840 | 245.1 | 942 |
| തുറവൂർ | 2352 | 316 | 1734 |
| അരൂക്കുറ്റി | 1637 | 207.10 | 653 |
| ചേന്നം പള്ളിപ്പുറം | 4401 | 471.60 | 1807 |
| പാണാവള്ളി | 7408 | 795.10 | 2068 |
| പെരുമ്പളം | 1912 | 218.80 | 1157 |
| തൈക്കാട്ടുശ്ശേരി | 1455 | 182 | 590 |
| **ആകെ** | **24525** | **2899.40** | **10572** |

അരൂർ നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ

| നം. | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | ചേന്നംപള്ളിപ്പുറം പഞ്ചായത്തിൽ തവണക്കടവ് ബോട്ട്ജെട്ടിയുടെ നവീകരണ പ്രവൃത്തകൾ | 61.00 | പ്രവൃത്തി പുരോഗമിക്കുന്നു |
| 2. | അരൂക്കുറ്റി പഞ്ചായത്തിലെ അരൂക്കുറ്റി ബോട്ട് ജെട്ടിയിലേയ്ക്കുള്ള ബോട്ടു ചാലിന്റെ ആഴം കൂട്ടൽ | 57.96 | പ്രവൃത്തി പുരോഗമിക്കുന്നു |
| 3 | തുറവൂർ പഞ്ചായത്തിലെ കടലോര മേഖലയായ 18-ാം വാർഡിലെ കൈരളി ബസ് സ്റ്റോപ്പിനു സമീപം കടലാക്രമണം തടയുന്നതിനായി ജിയോ ബാഗ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണം | 9.54 | പ്രവൃത്തി പുരോഗമിക്കുന്നു |

Prijith

സെക്ഷൻ ഓഫീസർ